# നന്ദിഗ്രാം ഇപ്പോഴും ഭീതിയിൽ

## രമേശ് ചെന്നിത്തല

നന്ദിഗ്രാമിലെ പാവപ്പെട്ട ഗ്രാമീണരുടെ മുഖങ്ങളിൽനിന്നും ഇപ്പോഴും ഭീതി വിട്ടൊഴിയുന്നില്ല. എല്ലാം തകർന്നതിന്റെ വേദനയാണ് അവരുടെ വാക്കുകളിൽ.

യാതൊരു തെറ്റും ചെയ്യാഞ്ഞിട്ടും ജീവിതത്തിൽ ആരും നേരിട്ടിട്ടില്ലാത്ത ക്രൂരത ഏറ്റവാങ്ങേണ്ടി വന്ന കാജൽ മാജി എന്ന സാധു സ്ത്രീ ഞങ്ങളെ രണ്ടാം വട്ടവും കണ്ടപ്പോൾ പൊട്ടിക്കരഞ്ഞുപോയി. ഭർത്താവിനെ നിഷ്ഠുരമായി വധിച്ചശേഷം, കശ്മലന്മാർ ബലാൽസംഗത്തിനു വിധേയയാക്കിയ കാജൽ മാജിക്ക് ജീവിതത്തോടു തന്നെ വെറുപ്പ്. പക നിറഞ്ഞ ആ കണ്ണുകൾ ഇപ്പോൾ ആരെയും വിശ്വസിക്കാൻ കൂട്ടാക്കുന്നില്ല. കാരണം, ഏതൊരു പ്രസ്ഥാനത്തിനു വേണ്ടിയാണോ തങ്ങൾ രക്തവും വിയർപ്പും ചിന്തുന്നത് അവർതന്നെ, മുതലാളിത്തത്തിന്റെ പുതിയ വേഷപ്പകർച്ചയുമായി ഉറഞ്ഞുതുള്ളാനും, കഴുത്തരിയാനും, മാനം കവരാനും മുന്നോട്ടു വന്ന സ്ഥിതിക്ക് ഇനി ആരെയാണ് നമ്പാൻ കഴിയുക എന്നാണ് ആ സാധുസ്ത്രീയുടെ ഗദ്ഗദത്തോടെയുള്ള ചോദ്യം.

കെ.പി.സി.സി. പ്രതിനിധിസംഘം മാർച്ച് 20ന് നന്ദിഗ്രാം സന്ദർശിച്ചശേഷം കെ.പി.സി.സി. സമാഹരിച്ച ഫു കൈമാറുന്നതിനുവേണ്ടിയാണ് ഇത്തവണ ഞാനും പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടിയും കൂടി വീണ്ടും നന്ദിഗ്രാമിലെത്തിയത്.

അക്രമത്തിനു വിധേയരായ സ്ത്രീകളിൽ നല്ലൊരു പങ്കും തങ്ങളുടെ ദുരനുഭവങ്ങൾ പങ്കുവയ്ക്കാൻ ഇപ്പോഴും തയ്യാറാകുന്നില്ല. മാനഭയം കൊണ്ടുമാത്രമല്ല, ഭർത്താക്കന്മാർ തങ്ങളെ ഉപേക്ഷിച്ചുപോയാലോ എന്നുപേടിച്ചിട്ടു കൂടിയാണ്. കൂരകളിൽ പോലീസും മാർക്സിസ്റ്റ് ഗുണ്ടകളും തോക്കുകളും ബോംബുകളും മറ്റു മാരകായുധങ്ങളുമായി ഇരച്ചുകയറിയപ്പോൾ പുരുഷന്മാർ പ്രാണരക്ഷാർത്ഥം ഓടിപ്പോയിരുന്നു. സ്ത്രീകളും കുട്ടികളും ഇരുട്ടിൽ പെട്ടെന്നു കിട്ടിയ ഇടങ്ങളിൽ ഒളിച്ചിരുന്നു. കൂരകളിൽ അവശേഷിച്ച സ്ത്രീകളും കുട്ടികളുമാണ് ആക്രമണത്തിനു വിധേയരായത്.

45 വയസുള്ള അങ്കുർദാസ് തന്നെമാത്രമല്ല, തന്റെ പെൺമക്കളായ കവിതാദാസ്, ഗംഗാദാസ് എന്നിവരെയും ശാരീരികമായി പീഡിപ്പിച്ചതിനെപ്പറ്റി പരസ്യമായി പറയുകയുണ്ടായി. ഓടിക്കളിക്കുന്ന, ഒന്നുമറിയാത്ത പന്ത്രുകാരിയാണ് ഇളയ മകൾ.

പിഞ്ചുകുഞ്ഞുങ്ങളെ ഇരുകാലുകളിലും പിടിച്ച് വലിച്ചുകീറുകയും നിലത്തടിക്കുകയും പുഴയിലേക്ക് എറിയുകയും ചെയ്ത എത്രയോ നടുക്കുന്ന സംഭവങ്ങൾ ഗ്രാമീണർ ഇപ്പോഴും അവിടെയെത്തുന്നവരോട് കണ്ണീരോടെ വിവരിക്കുന്നു.

ഗ്രാമീണതയുടെ സ്നേഹവും വിശുദ്ധിയും നിറഞ്ഞുനിന്ന നന്ദിഗ്രാം ശവപ്പറമ്പായ ശേഷം പൂർവ്വസ്ഥിതി ഇന്നേവരെ വീണ്ടെടുത്തിട്ടില്ല. ഇടതുമുന്നണി സർക്കാരിന്റെ തലവനായ ബുദ്ധദേവ് ഭട്ടാചാർജിയുടെ ദയാവായ്പ് ഇനിയും അവരുടെ മേൽ പതിയുന്നില്ല. വ്യാവസായികഭീമനായ സലിം ഗ്രൂപ്പിന് രാസവസ്തുനിർമ്മാണശാല സ്ഥാപിക്കാനായി നന്ദിഗ്രാമിലെ ദരിദ്രകർഷകരുടെ ഭൂമി സർക്കാർ നഷ്ടപരിഹാരംപോലും നൽകാതെ ബലമായി ഏറ്റെടുക്കാൻ തുനിഞ്ഞപ്പോൾ, ചെറുത്തു നിൽക്കാൻ ശ്രമിക്കുന്നവരെ നിർദ്ദാക്ഷിണ്യം നേരിടും എന്ന മുന്നറിയിപ്പാണ് മാർക്സിസ്റ്റ് നേതൃത്വം നൽകിയത്. മന്ത്രിസഭായോഗം നടക്കുമ്പോൾ, ഘടകകക്ഷിമന്ത്രിമാർപോലും അറിയാതെയാണ് അയ്യായിരത്തോളം പോലീസുകാരും ആയിരത്തോളം സി.പി.എം. കേഡറുകളും വാടകയ്ക്കെടുത്ത ഗുണ്ടകളും ആയുധങ്ങളുമായി നന്ദിഗ്രാമിലേക്ക് പാഞ്ഞുകയറി കണ്ണീർവാതകപ്രയോഗവും ലാത്തിച്ചാർജ്ജും വെടിവയ്പും നടത്തി അവിടം കുരുതിക്കളമാക്കി മാറ്റിയത്. ശവശരീരങ്ങൾ തീയിൽ ചുട്ടെരിക്കുകയും പുഴയിൽ എറിയുകയും ട്രക്കുകളിൽ കടത്തിക്കൊണ്ടുപോകുകയും ചെയ്തുവത്രേ. പൊങ്ങിവരാതിരിക്കാൻ വേണ്ടി വയറു കീറിയാണ് ശവശരീരങ്ങൾ പുഴയിലേക്കെറിഞ്ഞത്. സോനാചുര, ഭംഗാബെരി എന്നിവിടങ്ങളിലാണ് രാക്ഷസീയത ഏറ്റവും കൂടുതൽ താണ്ഡവമാടിയത്. ചില വർഷങ്ങൾക്കുമുമ്പ് കേശ്പുർ–ഗാർബെറ്റ പ്രദേശത്ത് കൂട്ടക്കൊലനടത്തിയ കൊലയാളിസംഘമാണ് ആദ്യം നന്ദിഗ്രാമിൽ കടന്നുകയറിയത്.

ഇത്രയും മനുഷ്യത്വരാഹിത്യം കാട്ടിയ നരാധമന്മാർക്ക് കരുത്തും പിന്തുണയും നൽകിയ ശക്തികൾ, എല്ലാം നഷ്ടപ്പെട്ട ദരിദ്രഗ്രാമീണരോട് ഇറ്റു കരുണ കാട്ടും എന്ന് എങ്ങനെ കരുതാനാണ്? അതുകൊണ്ടുതന്നെ ഇതേവരെ വെടിവയ്പിൽ മരിച്ച 14 പേരുടെയും കുടുംബങ്ങൾക്കു ധനസഹായം നല്കാൻ സർക്കാർ മുന്നോട്ടുവന്നിട്ടില്ല.

കെ.പി.സി.സി.യുടെ ആഭിമുഖ്യത്തിൽ കോൺഗ്രസ് പ്രവർത്തകർ പൊതുജനങ്ങളിൽനിന്ന് ഒരു ദിവസം കൊണ്ട് സമാഹരിച്ച 15,20,000 രൂപയും, ഏതാനും സന്നദ്ധസംഘടനകൾ വിതരണം ചെയ്ത തുകകളും മാത്രമേ അതിക്രമങ്ങൾക്കിരയായവർക്കു ലഭിച്ചിട്ടുള്ളു.

കുറ്റവാളികൾക്കെതിരെ സർക്കാർ നടപടികളെടുക്കുന്നില്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ആക്ഷേപം. ഖജൗരിയിലെ ഇഷ്ടികക്കളത്തിൽ ഒളിച്ചിരുന്ന പത്തു സി.പി.എം. പ്രവർത്തകരെ സി.ബി.ഐ. പിടികൂടിയെങ്കിലും, അവർക്കെതിരെ കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചില്ല. ജാമ്യത്തിൽ അവർക്ക് ഇറങ്ങാനും കഴിഞ്ഞു. പോലീസുപയോഗിക്കുന്ന ആയുധങ്ങൾ, ഹെൽമെറ്റുകൾ, സി.പി.എം. കൊടി, നോട്ടീസുകൾ എന്നിവ ഇവരിൽനിന്ന് സി.ബി.ഐ. കണ്ടെടുക്കുകയുായി. സി.പി.എം. നേതാക്കൾ വൻതുകയ്ക്ക് തങ്ങളെ കൊണ്ടുവന്നതാണെന്ന് പല ക്രിമിനലുകളും സമ്മതിക്കുകയും ചെയ്തിരുന്നു.

നന്ദിഗ്രാം സംഭവത്തെത്തുടർന്ന് മന്ത്രിസഭയിൽ നിന്നും പിന്മാറാൻ തയ്യാറായ ഫോർവേഡ് ബ്ലോക്ക്, ആർ.എസ്.പി., സി.പി.ഐ. എന്നീ ഘടകകക്ഷികൾ ഈ ജനദ്രോഹനടപടിക്ക് പ്രായശ്ചിത്തം ചെയ്യണമെന്ന നിലപാടിൽ ഉറച്ചുനിൽക്കുമ്പോൾ സി.പി.എം. അതിനൊന്നും വഴങ്ങാത്ത സമീപനമാണ് തുടരുന്നത്.

വെടിവയ്പിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും, ജോലിയും നല്കുന്നതു സംബന്ധിച്ച് ചില ഫോർമുലകൾക്കു രൂപം നൽകാൻ ഈ കക്ഷികൾ നടത്തിയ ശ്രമങ്ങൾക്കുനേരെയും ആശാവഹമായ ഒരു പ്രതികരണമല്ല സി.പി.എം. മുഖ്യമന്ത്രിയായ ബുദ്ധദേവ് ഭട്ടാചാർജി, സി.പി.എം. സംസ്ഥാനസെക്രട്ടറിയും മുന്നണി കൺവീനറുമായ ബിമൻ ബോസ് തുടങ്ങിയവർ സ്വീകരിക്കുന്നത്. അവരോ, നന്ദിഗ്രാം കൂട്ടക്കൊലയ്ക്കെതിരെ ശക്തമായ ഭാഷയിൽ സംസാരിക്കുകയും ഘടകകക്ഷികൾക്ക് സി.പി.എം. വേണ്ടത്ര പരിഗണന നല്കാത്തതിൽ അനിഷ്ടം പ്രകടിപ്പിക്കുകയും ചെയ്ത ജ്യോതി ബസുവോ സർവ്വകക്ഷിയോഗത്തിൽ പങ്കെടുക്കുന്ന കാര്യം തന്നെ അനിശ്ചിതത്വത്തിലാണ്. എങ്കിലും, ഫോർവേഡ് ബ്ലോക്കിന്റെ സംസ്ഥാന സെക്രട്ടറിയും, ജ്യോതിബസു കഴിഞ്ഞാൽ ഏറ്റവും മുതിർന്ന നേതാവുമായ അശോക് ഘോഷ്, തൃണമൂൽ കോൺഗ്രസ് നേതാവ് മമതാ ബാനർജിയുമായിപ്പോലും ചർച്ച നടത്തി പരിഹാരമാർഗങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. പശ്ചിമബംഗാൾ കോൺഗ്രസ് പാർട്ടിയും മുറിവുണക്കുന്ന കാര്യത്തിൽ അത്യന്തം സഹായകരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

എന്നാൽ, പ്രശ്നങ്ങൾ ഇവിടെ അവസാനിക്കുമെന്ന് വിചാരിക്കാനാവില്ല എന്നാണ് പശ്ചിമബംഗാളിൽ പലയിടത്തും സർക്കാർ തുടർന്നുവരുന്ന നടപടികൾ സൂചിപ്പിക്കുന്നത്. പല പദ്ധതികൾക്കുമായി ഭൂമി നിർബന്ധപൂർവ്വം പിടിച്ചെടുക്കുന്നത് സർക്കാർ തുടരുകയാണ്. വിമാനത്താവളത്തിനുവേ 40,000 ഏക്കർ ഭൂമി നഷ്ടപരിഹാരംപോലും നല്കാതെ ഏറ്റെടുക്കുന്ന നടപടി നടന്നുകൊണ്ടിരിക്കുന്നു. മിക്കയിടങ്ങളിലും ഭൂമി നഷ്ടപ്പെടുന്ന കർഷകർ ചെറുത്തുനില്പിനായി സംഘടിക്കാൻ തുടങ്ങിയിട്ടുണ്ട്. സർക്കാരിന്റെ നയരഹിതവും സ്വേച്ഛാധിപത്യപരവുമായ സമീപനമാണ് പ്രശ്നങ്ങൾ കുത്തിപ്പൊക്കുന്നത്. ജീവിതം നഷ്ടപ്പെടുന്ന പാവപ്പെട്ട കർഷകരെ വിശ്വാസത്തിലെടുക്കാനും അവർക്ക് നഷ്ടപരിഹാരവും ജീവിതമാർഗവും ലഭ്യമാക്കാനും തുനിയാതെ ഏകപക്ഷീയമായി ഭൂമി പിടിച്ചെടുക്കാനുള്ള ഫാസിസ്റ്റ് നീക്കങ്ങൾ കർഷകരുടെ രോഷം വിളിച്ചുവരുത്തുന്നു എന്നതാണ് യാഥാർത്ഥ്യം.

മാർക്സിസ്റ്റ് സർക്കാരിനെതിരെ മാർക്സിസ്റ്റ് പ്രവർത്തകരും അനുഭാവികളുമായ ഗ്രാമീണജനത ആദ്യമായി സംഘടിച്ച് പ്രതിരോധം സൃഷ്ടിച്ച നന്ദിഗ്രാം, സംസ്ഥാനമൊട്ടുക്ക് ആഗോളകുത്തകകൾക്ക് ദാസ്യവേല ചെയ്യാൻ ഉദ്യുക്തരാകുന്ന മാർക്സിസ്റ്റ് നേതൃത്വത്തിന്റെ ജനദ്രോഹനടപടികൾക്കെതിരെ കരുത്താർജ്ജിക്കുന്നതിനും പൊരുതുന്നതിനുമുള്ള വഴികാട്ടിയായിത്തീരുകയാണ്.

നന്ദിഗ്രാമിലെ തീ ഇതേവരെ അണഞ്ഞിട്ടില്ല. മാർക്സിസ്റ്റ് ഭീഷണി ഇപ്പോഴും നിലനിൽക്കുന്നു. പോലീസ് അവർക്ക് കൂട്ടുനിൽക്കുകയാണ് അതുകൊണ്ട് ഗ്രാമീണർ പലരും വീടുവിട്ടിറങ്ങുന്നില്ല. അവരുടെ കണ്ണുകളിൽ ഭയവും ആശങ്കയും മാത്രം. എങ്കിലും, ചിലപ്പോൾ ജനരോഷം നിയന്ത്രണാതീതമാകുന്നു. അതിന്റെ ഫലമായി രണ്ടുതവണ പിന്നെയും വെടിവയ്പുായി.

പൗരാവകാശവും ജനാധിപത്യാവകാശവും ഇത്രകണ്ട് നിഷേധിക്കപ്പെട്ട മറ്റൊരു പ്രദേശവും ഉണ്ടാവില്ല. 'പറയുന്നത് അനുസരിക്കുക, അല്ലെങ്കിൽ ജീവിക്കാൻ അനുവദിക്കില്ല' എന്നതാണ് മാർക്സിസ്റ്റ് പാർട്ടിയും, മാർക്സിസ്റ്റ് ഭരണാധികാരികളും നല്കുന്ന ധാർഷ്ട്യം നിറഞ്ഞ സന്ദേശം.

"ഞങ്ങൾ നിഷ്പക്ഷരല്ല, ഞങ്ങൾ ദരിദ്രരുടെ പക്ഷത്താണ്" എന്ന തുറന്ന പ്രഖ്യാപനത്തിന്റെ പേരിലാണ് 1977ൽ ജ്യോതിബസു അധികാരത്തിലേറിയതും ഇന്നോളം ആ അധികാരക്കുത്തക തുടരുന്നതും. ഇപ്പോൾ, ബുദ്ധദേവ് ഭട്ടാചാർജി മുഖ്യമന്ത്രിയായി വന്നതോടെ ആ പഴയ മുദ്രാവാക്യം മാറിയിരിക്കുന്നു.

“ഞങ്ങൾ നിഷ്പക്ഷരല്ല, ഞങ്ങൾ മുതലാളിത്തത്തോടൊപ്പമാണ്” എന്നതാണ് പുതിയ മുദ്രാവാക്യം. ആ മുദ്രാവാക്യത്തിന്റെ പ്രതിധ്വനികളിൽ മാർക്സിസ്റ്റ് കോട്ടകൊത്തളങ്ങൾക്ക് ഇളക്കം തട്ടിത്തുടങ്ങിയിരിക്കുന്നു എന്നാണ് നിഷ്പക്ഷ നിരീക്ഷകരുടെ വിലയിരുത്തൽ.

-------